## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നമ്പർ 6928 13.7.2012- ലെ മറുപടിയ്ക്ക്**

### കേരള വാട്ടർ അതോറിറ്റിയിൽ ഇ.ആർ.പി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ജി.എസ്. ജയലാൽ** | | **പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | കേരള വാട്ടർ അതോറിറ്റിയിൽ അക്കൗണ്ടിംഗിനായി മാത്രം "ടാലി" എന്ന സോഫ്റ്റ് വെയർ വാങ്ങുവാൻ ഉദ്ദേശിക്കുന്നുവോ; എങ്കിൽ ഇതിന്റെ ചെലവ് എത്ര ലക്ഷം രൂപയാണെന്ന് കണക്കാക്കിയിട്ടുണ്ടോ ;വിശദാംശം അറിയിക്കുമോ; | (എ) | കേരള വാട്ടർ അതോറിറ്റിയിലെ വാർഷിക കണക്കുകൾ ക്രോഡീകരിച്ച് തീർപ്പാക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനായി അതോറിറ്റിയിലെ 60 അക്കൗണ്ട് റെന്റിംഗ് യൂണിറ്റുകളിലും ടാലി സോഫ്റ്റ്‌വെയർ വാങ്ങുന്നതിന് അതോറിറ്റി തീരുമാനിക്കുകയും അതു പ്രകാരം 5.64 ലക്ഷം രൂപയ്ക്ക് സോഫ്റ്റ് വെയറുകൾ വാങ്ങുകയും അത് ഉപയോഗിക്കുന്നതിനുള്ള പരിശീലനം ബന്ധപ്പെട്ട ജീവനക്കാർക്ക് നൽകി വരികയും ചെയ്യുന്നു; |
| (ബി) | ജിക്ക (ജെ.ഐ.സി.എ.) പദ്ധതിയിൽ ഉൾപ്പെടുത്തികമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കുമ്പോൾ ടാലി സിസ്റ്റം സ്ഥാപിക്കുവാൻ പ്രത്യേകമായി കമ്പ്യൂട്ടർ വാങ്ങുന്നത് സ്ഥാപനത്തിന് കനത്ത നഷ്ടം വരുത്തി വയ്ക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ടാലി സിസ്റ്റം സ്ഥാപിക്കുവാൻ മാത്രമായി പ്രത്യേകം കമ്പ്യൂട്ടറുകൾ വാങ്ങുവാൻ ഉദ്ദേശിച്ചിട്ടില്ല. ഓഫീസ് ഓട്ടോമേഷൻ പദ്ധതിയിൽ പ്പെടുത്തി വാങ്ങുന്ന കമ്പ്യൂട്ടറുകൾ ടാലിക്ക് പുറമേ മറ്റ് എല്ലാ സോഫ്റ്റ് വെയറുകളും ഇൻസ്റ്റാൾ ചെയ്ത് പൊതുവായ ഓഫീസ് ഉപയോഗത്തിന് ഉദ്ദേശിച്ചിട്ടുള്ളതാണ്; |
| (സി) | കമ്പ്യൂട്ടറൈസേഷനായി എന്റർപ്രൈസസ് റിസോഴ്സ് പ്ലാനിംഗ് (ഇ.ആർ. പി. ) നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അത് സംബന്ധിച്ച് എന്തെങ്കിലും ആധികാരിക പഠനങ്ങൾ നടത്തിയിട്ടുണ്ടോ ; | (സി). | ജിക്കപദ്ധതിയുടെഇൻസ്റ്റിറ്റ്യൂഷണൽ സ്ട്രങ്തനിംഗിൽ ഇ.ആർ.പി. ഒരു കമ്പോണന്റാണ്. ഇത് സംബ ന്ധിച്ച് ആധികാരിക പഠനങ്ങൾ ഒന്നും തന്നെ നടത്തിയിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | ഇ.ആർ.പി.കേരളാ വാട്ടർ അതോ റിറ്റിയിൽ പ്രായോ ഗിക മല്ലെന്ന ശാസ്ത്രീയ നിഗമനം പരിശോധിക്കുവാൻ തയ്യാറാകുമോ ; | (ഡി) | ഇൻസ്റ്റിറ്റ്യൂഷണൽ സ്ട്രങ്‌തനിംഗിന്റെ ഭാഗമായി തീരിമാനിച്ചിട്ടുണ്ട്. |
| (ഇ) | ഡബിൾ എൻട്രി അക്കൗണ്ടിംഗ് നടപ്പിലാക്കു ന്നതിനായി എൽ.എസ്. ജി.ഡി-ക്കായി ഐ.റ്റി.മിഷൻ സോഫ്റ്റ്‌വെയർ തയ്യാറാക്കി യിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ; പ്രസ്തുത സോഫ്റ്റ് വെയർ കേരള വാട്ടർ അതോറിറ്റി യിലെ അക്കൗണ്ട്സ് ഫൈനലൈസേ ഷന് ഉപയോഗപ്പെടുത്തുന്നതി നുള്ള സാദ്ധ്യത പരിശോധിച്ചി ട്ടുണ്ടോ; | (ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പ്രസ്തുത സോഫ്റ്റ് വെയർ വിജയകരമായി എൽ.എസ്.ജി.ഡി-ൽ നടപ്പിലാ ക്കുന്ന മുറയ്ക്ക് അതിന്റെ പകർപ്പ് ലഭിക്കുന്ന മുറയ്ക്കും വാട്ടർ അതോറിറ്റിയിലെ അക്കൗണ്ട്സ് ഫൈനലൈ -സേഷന് ഉപയോഗപ്പെടുത്തുന്ന തിനുള്ള സാദ്ധ്യത പരിശോധി ക്കാവുന്നതാണ്. |
| (എഫ്) | കേരള വാട്ടർ അതോറിറ്റിയിൽ നടപ്പാക്കുന്ന എംപ്ലോയീസ് ഇൻഫർമേഷൻ സിസ്റ്റം (ഇ. ഐ.എസ്.) ഫിനാൻഷ്യൽ അക്കൗണ്ടിംഗ് സിസ്റ്റം(എഫ്. എ.എസ്.) എന്നിവയ്ക്കുള്ള സാഫ്റ്റ ്വെയറുകൾ കേന്ദ്ര പൊതു മേഖലാ സ്ഥാപന മായ മായ കമ്പ്യൂട്ടർ മെയിന്റ നൻസ ് കോർപ്പറേഷൻ (സി. എം.സി.) മുഖേന തയ്യാറാക്കു വാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ തൽസ്ഥിതി വ്യക്തമാ ക്കുമോ; ഈ ആവശ്യത്തി നായി പ്രസ്തുത സ്ഥാപന ത്തിന് പ്രതിഫലം എന്തെ ങ്കിലും നൽകിയിട്ടുണ്ടോ; വിവരങ്ങൾ വെളിപ്പെടുത്തു മോ? | (എഫ്) | ഈ സോഫ്റ്റ് വെയറുകൾ സി.എം. സി. മുഖേന വികസിപ്പിച്ചിട്ടുണ്ട്. ഇതിന്റെ ടെസ്റ്റിംഗ് നടത്തി കണ്ടെത്തിയ ന്യൂനതകൾ പരിഹരിക്കുന്ന ഘട്ടത്തി ലാണ്. ഒന്നും രണ്ടും ഘട്ടത്തിലുള്ള പേയ്മെന്റ് 9.6 ലക്ഷം രൂപ നൽകിയിട്ടുണ്ട്. |

സെക്ഷൻ ആഫീസർ